കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 3 ഭരണഭാഷ മാതൃഭാഷ 2018 സെപ്തംബർ 11 ചൊവ്വ

---

# ധനസമാഹരണം; മന്ത്രിമാരുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു

ആലപ്പുഴ; മന്ത്രിസഭാതീരുമാനപ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നടക്കുന്ന ധനശേഖരണവുമായി ബന്ധപ്പെട്ട് കളക്ട്രേറ്റിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരന്റെ അധ്യക്ഷതയിൽ ഇന്നലെ യോഗം ചേർന്നു. മന്ത്രി സുധാകരനോടൊപ്പം ധനശേഖരണത്തിന് ചുമതലയുള്ള ജില്ലയിലെ മന്ത്രി പി.തിലോത്തമനും യോഗത്തിൽ പങ്കെടുത്തു. മണ്ഡലാടിസ്ഥാനത്തിൽ നടക്കുന്ന ധനസമാഹരണത്തിന്റെ പുരോഗതി യോഗം വിലയിരുത്തി. മന്ത്രിസഭാ തീരുമാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് വേണം ഉദ്യോഗസ്ഥർ പ്രവർത്തിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. തയ്യാറാക്കിയ പട്ടിക പ്രകാരം പ്രധാന വ്യക്തികളെ നേരിൽക്കണ്ട് ധനാഭ്യർത്ഥന നടത്തണം. നിർബന്ധമായി ആരിൽ നിന്നും പണപ്പിരിവ് നടത്തരുതെന്നും സന്മനസ്സുള്ളവർ ധാരാളം സന്നദ്ധരായി വരുന്നുണ്ടെന്നും മന്ത്രി സുധാകരൻ പറഞ്ഞു. ഒരുകോടി രൂപ ജില്ലാ പഞ്ചായത്ത് സംഭാവന നൽകുമെന്ന് അദ്ദേഹം പറഞ്ഞു. വിവിധ മേഖലകളിൽ നിന്ന് ധാരാളം പേർ മുഖ്യമന്ത്രിയുടെ നിധിയിലേക്ക് പണവുമായി സമീപിക്കുന്നുണ്ടെന്ന് മന്ത്രി പി.തിലോത്തമൻ പറഞ്ഞു. യോഗത്തിൽ ആർ.രാജേഷ് എം.എൽ.എ, സ്പെഷൽ ഓഫീസർ പി.വേണുഗോപാൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ, ജില്ലാ കളക്ടറുടെ അധിക ചുമതലയുള്ള ഗ്രാമ വികസന വകുപ്പ് സെക്രട്ടറി എൻ.പത്മകുമാർ, ജില്ലാ പോലീസ് മേധാവി എസ്.സുരേന്ദ്രൻ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

## മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

ജില്ല കണ്ട വലിയ പ്രളയക്കെടുതിയാണ് നമ്മൾ നേരിട്ടത്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം

ധനസമാഹരണ പരിപാടി ജില്ലയിൽ നടക്കുന്നു. ഇതിന്റെ വിവരങ്ങൾ വിശദീകരിക്കുന്നതിന്  നാളെ (സെപ്റ്റംബർ 12ന്) ജില്ലയുടെ ചാർജുള്ള ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ജി.സുധകരനും ധനസമാഹരണത്തിന്റെ ചുമതല കൂടിയുള്ള ബഹു. ഭക്ഷ്യമന്ത്രി പി.തിലോത്തമനും ഉച്ചയ്ക്ക് 12 മണിക്ക് കളക്ട്രേറ്റിൽ വച്ച് മാധ്യമങ്ങളെ കാണുന്നു. മാധ്യമപ്രവർത്തകർ എത്തിച്ചേരണമെന്ന് താൽപ്പര്യപ്പെടുന്നു.

-ജില്ലാ ഇൻഫർമേഷൻ ഓഫീസർ